ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

Ref. M/BP/CIR/8.2025 October 03, 2025

# ഇടയലേഖനം

## ജപമാല മണികളുടെ മധ്യേ മിഷൻ ഞായറും

ഒക്ടോബർ മാസം സാധാരണ കൊന്തമാസം എന്നാണ് അറിയപ്പെടുന്നത്. ആദ്യത്തെ പത്തു ദിവസം വീടുകളിൽ കൊന്ത. അടുത്ത പത്തു ദിവസം കുടുംബയൂണിറ്റുകളിലെ ജപമാല. അവസാന പത്തു ദിവസം ദേവാലയങ്ങളിൽ ആരാധന ഏഴുന്നള്ളിച്ച് വച്ചുള്ള കൊന്തദിവസങ്ങൾ. ആത്മാവിനെ ബലപ്പെടുത്തുന്ന ദിനങ്ങളളിലൂടെയാണ് സഞ്ചരിക്കുന്നത്. ജീവിതമാകുന്ന വഞ്ചി ആടിയുലയുകയും, തീരങ്ങൾ അകലെയാണെന്ന് ബോധ്യപ്പെടുകയും ചെയ്യുമ്പോൾ, അവിടുത്തെ തിരുമനസ്സ് നിറവേറട്ടെ എന്ന് പറഞ്ഞ നസ്രത്തിലെ ആ വീട്ടമ്മയുടെ ഓർമ്മ മനസ്സിൽ വച്ചുകൊണ്ട് നമ്മളും ഉരുവിടുന്നു - നാഥാ നേരം സന്ധ്യയാകുന്നു, ഞങ്ങളോടൊപ്പം വസിച്ചാലും. നീയുള്ളപ്പോൾ ഏതു തടസവും നേരിടാൻ ഞങ്ങൾക്ക് ആത്മധൈര്യമുണ്ടാകും. നീയുള്ളപ്പോൾ ഏതു പ്രയാസവും പ്രതിബന്ധമായി ഞങ്ങൾക്ക് തോന്നുകയില്ല.

സന്തോഷത്തിൽനിന്ന് പ്രകാശത്തിന്റെ രഹസ്യങ്ങളുടെ ധ്യാനംവഴി ലഭിക്കുന്ന വിശ്വാസവെളിച്ചത്തിൽ, ജീവിതദുഃഖങ്ങളെയും ക്ലേശങ്ങളെയും ഉയർപ്പിലുള്ള പ്രത്യാശയോടെ സമീപിക്കുവാനും സ്വീകരിക്കുവാനും, അതുവഴി മഹിമയിലേക്കുമുള്ള അനുസ്യൂതമായ ജീവിതയാത്രയുടെ പരമരഹസ്യങ്ങളാണ് കൊന്തയിലൂടെ വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുക. സന്തോഷം മാത്രം സ്വപ്നം കാണുവാൻ കൊതിക്കുന്നവരായ സാധാരണക്കാരാണ് നമ്മൾ. സഹനത്തിന്റേയും, ക്ലേശങ്ങളുടെയും, തുറന്നുപറയുവാൻ സാധിക്കാത്ത ശ്വാസംമുട്ടലുകളുടേയും ദാരിദ്ര്യത്തിന്റേയും പരാജയബോധത്തിന്റേയും കൊടിയ കയ്പുനീർ പാനം ചെയ്യുവാൻ ജീവിതമാകുന്ന മഹാസാധന നമ്മളെ നിരന്തരം ക്ഷണിക്കുന്നു. അതിന്റെ നടുവിൽ പ്രത്യാശയുടെ കിരണങ്ങൾ വീശി കല്ലറക്ക് പുറത്തുവന്നവൻ സമാധാനത്തിന്റെ ആശ്വാസകിരണമേകി നമ്മളെ വാരിപ്പുണരുന്നു. ദൈവം കടന്നുപോകാത്ത ഒരു നിന്ദനവും ഈ ഭൂമിയിൽ ഇല്ലെന്നും, അവിടുന്ന് സഹിച്ച നാണക്കേടിന്റെ ഒരംശം മാത്രമേ നീ ഇന്ന് നേരിടുന്നുള്ളുവെന്നും ദു:ഖത്തിന്റെ രഹസ്യങ്ങൾ നമ്മളെ ഓർമ്മപ്പെടുത്തുന്നു. അവിടെ നിന്നുകൊണ്ട് ഇരുട്ടിനെ വെളിച്ചമാക്കുന്ന വിശ്വാസത്തിന്റെ സാക്ഷികളാകുവാൻ കൊന്തയുടെ രഹസ്യങ്ങൾ നമ്മെ ആഹ്വാനം ചെയ്യുന്നു. ഒക്ടോബർ മാസം ബലപ്പെടുത്തലിന്റെ മാസമായി നമുക്ക് ഓരോരുത്തർക്കും ഭവിക്കട്ടെ.

ജപമാലയുടെ മുത്തുകൾ കൈകളിൽ പിടിച്ചു പ്രാർത്ഥിക്കുമ്പോൾ, നമ്മുടെ ഹൃദയം സ്വർഗ്ഗത്തിന്റെ വാതിലുകൾക്ക് മുന്നിൽ എത്തുന്നു. ഓരോ മണിയുടെയും ശബ്ദം നമ്മെ പരിശുദ്ധ മാതാവിന്റെ സ്നേഹത്തിലേക്കും, ക്രിസ്തുവിന്റെ ജീവിതത്തിലേക്കും, സഭയുടെ മിഷ ന്റെ ആത്മാവിലേക്കും നയിക്കുന്നു. മിഷൻ ഞായറിന്റെ സന്ദേശം നമ്മെ ഓർമ്മപ്പെടുത്തുന്നത് സുവിശേഷം ജീവിതമാക്കുക, ലോകത്തെ പ്രകാശിപ്പിക്കുക എന്നതാണ്. സ്നേഹം വിതയ്ക്കാനും, ദരിദ്രരുടെ കണ്ണീരു തുടക്കാനും, കരുണയുടെ കൈ നീട്ടാനും നമ്മെ എല്ലാവരേയും ക്ഷണിക്കുന്ന ദൈവത്തിന്റെ വിളിയാണ് മിഷൻ. ഈ വിശ്വാസയാത്രയിൽ ജപമാല നമ്മുടെ കരുത്താണ്. ഓരോ ആവേ മരിയയും നമ്മെ ക്രിസ്തുവിന്റെ കരുണയിലേക്ക് ബന്ധിപ്പിക്കുന്നു. മിഷൻ ഞായറിന്റെ അവസരത്തിൽ, നമ്മുടെ കുടുംബങ്ങളിൽ, സമൂഹത്തിൽ, സ്നേഹവും പ്രത്യാശയും, പങ്കുവയ്ക്കാൻ

ഒരുമിച്ച് എഴുന്നേൽക്കാം. ജപമാലമണികളുടെ മധുരസ്വരത്തിൽ നമ്മുടെ ഹൃദയം ദൈവത്തിന്റെ ദൗത്യത്തിനായി വീണ്ടും സമർപ്പിക്കപ്പെടട്ടെ.

ലോകമെമ്പാടും പോയി സുവിശേഷത്തിന്റെ വെള്ളിവെളിച്ചം ലോകത്തിന് നൽകുവാൻ കല്പന നല്കിയിട്ടാണ് തച്ചന്റെ മകൻ മടങ്ങിയത്. ബലഹീനരായ നമ്മളിലൂടെ സുവിശേഷമാകുന്ന മഹാസത്യം ആളിപ്പടർന്നു, അത് അടിമകളെ സ്വാതന്ത്രരാക്കി, ഉച്ചനീചത്വങ്ങൾ തുടച്ചുമാറ്റുവാൻ കാഹളധ്വനി മുഴക്കി മനുഷ്യ മഹിമയുടെ അന്തരാർത്ഥങ്ങൾ ജനതകൾക്ക് പകർന്നേകി. ഉള്ളവൻ ഇല്ലാത്തവനുമായി പങ്കുവെക്കുവാൻ അത് ജനങ്ങളെ പ്രോത്സാഹിപ്പിച്ചു. നമ്മളെല്ലാവരും ദൈവത്തിന്റെ മക്കളാണെന്ന് സുവിശേഷം നമ്മെ ബോധ്യപ്പെടുത്തി. അപരനുവേണ്ടിയുള്ള സഹനം അർത്ഥപൂർണ്ണമാണെന്ന് നമ്മളെ പഠിപ്പിച്ചു. ലോകം മുഴുവൻ നേടിയിട്ടും കാര്യമില്ലെന്നും ആത്മാവിനെ കാത്തുസൂക്ഷിക്കുന്നതാണ് പരമമായ സത്യമെന്നും സുവിശേഷം നമ്മളെ ബോധ്യപ്പെടുത്തി. ശാരീരിക സന്തോഷങ്ങൾക്കോ അപാരമായ ധാരാളിത്തത്തിനോ അടിച്ചമർത്തുന്ന അധികാരത്തിനോ നൽകുവാൻ സാധിക്കാത്ത ആന്തരികമായ സമാധാനം ജീവിത ലാളിത്യമാകുന്ന മഹാ ചെപ്പിലാണു ദൈവം സൂക്ഷിച്ചുവെച്ചിരിക്കുന്നതെന്ന് ദൈവരാജ്യത്തിന്റെ പ്രബോധനം നമ്മളോട് വിളംബരം ചെയ്യുന്നു. അത് എന്നും തുടരേണ്ട ഒരു കർമ്മമാണെന്ന് ദിവ്യകാരുണ്യം നമ്മളോട് പറയുന്നു.

മണ്ഡ്യ രൂപതയുടെ പശ്ചാത്തലത്തിൽ അതിന്റെ പതിനഞ്ച് മിഷൻ സെന്ററുകളേയും പരിചയപ്പെടുവാനും ആവശ്യമുള്ള സ്ഥലങ്ങളിൽ സഹായമെത്തിക്കുവാനും മിഷൻ ഞായർ നമ്മോട് ആഹ്വാനം ചെയ്യുന്നു. ചില സ്ഥലങ്ങളിൽ വൈദികർക്കും സിസ്റ്റേഴ്സിനുമുള്ള അലവൻസ് ആണ് ആവശ്യമെങ്കിൽ, മറ്റു ചില സ്ഥലങ്ങളിൽ ധരിക്കുവാനുള്ള വസ്ത്രങ്ങളാണ് ആവശ്യം. വേറെ ചില സ്ഥലങ്ങളിൽ ഇരിക്കുവാനുള്ള ബെഞ്ചുകളും എഴുതുവാനുള്ള ഡസ്കുകളുമാണ് ആവശ്യമായി വന്നിരിക്കുന്നത്. പല സെന്ററുകളും റിപ്പയർ ചെയ്ത് പെയിന്റ് അടിച്ചിട്ട് കാലങ്ങളായി. അവ വാസയോഗ്യമാക്കണം. തൊഴിൽ ശാലകൾ ശൂന്യമായ സ്ഥലങ്ങളുണ്ട്. ഒരുകാലത്തു അനേകർക്ക് തൊഴിൽ നല്കിയിരുന്ന സ്ഥലങ്ങളാണ് നമ്മുടെ മിഷൻ സെന്ററുകൾ. അന്നുണ്ടായിരുന്ന തൊഴിൽ സംരഭങ്ങൾ പിൻവാങ്ങിയതോടെ അവ അന്യാധീനപ്പെട്ടു കിടക്കുന്നു. അഞ്ചു സ്ഥലങ്ങളിൽ ക്ലിനിക്കുകൾ വളരെ സജീവമായി പ്രവർത്തിക്കുന്നുണ്ട്. എങ്കിലും വളരെ പാവപ്പെട്ട രോഗികളെ ശുശ്രുഷിക്കുവാൻ നമ്മുടെ കൈത്താങ്ങ് സഹായകരമായി മാറും. കിടപ്പുരോഗികൾക്കുള്ള ശുശ്രുഷ ഉർജ്ജസ്വലമായി മുന്നേറുമ്പോഴും അവരുടെ വിശപ്പിനെ ശമിപ്പിക്കുവാൻ സഹായം തേടുന്നവരാണ് അധികവും. കിടക്കുമ്പോഴും സംസാരിക്കുവാൻ പാടില്ലാത്തപ്പോഴും അവരുടെ കണ്ണുകൾ നമ്മളോട് സംസാരിക്കുന്നുണ്ട്. തൊഴിൽതേടി യാത്രചെയ്യുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ ഒരുമിച്ചിരുത്തി ട്യൂഷൻ നല്കുന്ന സംരംഭങ്ങളും സഹായം അർഹിക്കുന്നുണ്ട്. ഈ മിഷൻ ഞായർ മണ്ഡ്യ മിഷനിലേക്കു തങ്ങളുടെ കണ്ണുകളെ പായിക്കുവാൻ, അവർക്ക് സഹായം എത്തിക്കുവാൻ ഇടവകകളേയും സ്ഥാപനങ്ങളേയും പ്രസ്ഥാനങ്ങളേയും ഭക്തസംഘടനകളേയും ഈശോ പ്രചോദിപ്പിക്കട്ടെ.

മുകളിൽ പറഞ്ഞതിന്റെ പ്രധാന ഉത്തരവാദിത്വം ഇടവകയിലെ നൈയാമിക ഭരണസമിതിയായ പാരീഷ് കൗൺസിലിനെ ഏൽപ്പിക്കുന്നു. സ്ഥാപനങ്ങളിലും സംഘടനകളിലും അതിന്റെ നേതൃത്വത്തിലിരിക്കുന്നവരും മിഷൻ ഞായർ നന്നായി നടത്തുന്നതോടൊപ്പം ഒരു മിഷൻ സെന്ററിനെ ഭാഗികമായോ പൂർണ്ണമായോ സഹായിക്കുവാൻ ഒരു തീരുമാനമെടുത്തു രൂപതയെ രേഖാമൂലം സമീപിച്ചാൽ നിങ്ങളുടെ

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382

**Bengaluru Office:** Regional Pastoral Centre, Santhome Church, Hulimavu,
Bannerghtta Road, Bengaluru – 560 076, Karnataka, India

സഹായം ഏറ്റവുമധികം അതാവശ്യമുള്ള സ്ഥലത്തെ നിങ്ങൾക്ക് പരിചയപ്പെടുത്തുകയും അവരുമായിട്ടുള്ള ബന്ധം നിങ്ങൾക്ക് സ്ഥാപിച്ചു തരുകയും ചെയ്യും. മൂന്നു വർഷത്തേക്കുള്ള സഹായം കൊണ്ട് സ്വന്തം കാലിൽ നില്ക്കുവാൻ മിഷൻ സെന്ററിന് സാധിച്ചേക്കും. പിതൃവേദിയും മാതൃവേദിയും ചെറുപുഷ്പ മിഷൻ ലീഗും വിശ്വാസപരിശീലന കുട്ടികളും മിഷൻ സെന്ററുകൾ സന്ദർശിക്കണം. അവിടെയുള്ളവരെ പരിചയപ്പെടണം. അവിടെയുള്ള അച്ചനെയും സിസ്റ്ററിനെയും നമ്മുടെ ഇടവകകളിലേക്ക് ക്ഷണിക്കണം. വിശ്വാസ സമൂഹത്തോട് സംസാരിക്കുവാൻ അവരോട് ആവശ്യപ്പെടണം. തീ കൊളുത്തുവാൻ ഞാൻ ഭൂമിയിലേക്ക് വന്നു. അത് ആളിക്കത്തിയിരുന്നുവെങ്കിൽ എന്ന ദിവ്യവചനം നമുക്ക് സാദരം ഓർക്കാം.

പരിശുദ്ധ അമ്മയാണ്, എലിസബത്തിനെ സന്ദർശിക്കുവാൻ പോയ വഴി സഭയുടെ ആദ്യത്തെ മിഷണറിയായത്. അപമാനം സഹിച്ചു മടുത്ത എലിസബത്തിന് മറിയത്തിന്റെ സാന്നിദ്ധ്യം ആശ്വാസദായകമായി. കൊന്തമാസത്തിൽ കടന്നുവരുന്ന മിഷൻ ഞായർ അനേകർക്ക് മനുഷ്യ മഹത്വത്തിന്റെ അന്തസ് തിരിച്ചെടുക്കുവാൻ നമ്മളെ ഉപകരണങ്ങളാക്കണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

വാത്സല്യത്തോടെ,

സെബാസ്റ്റ്യൻ പിതാവ്
മണ്ഡ്യ രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ **2025 October 5** –ാം തീയതി ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കുകയും സോഷ്യൽ മീഡിയ വഴി പരമാവധി ഷെയർ ചെയ്യാനും ശ്രദ്ധിക്കുമല്ലോ.*